# കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ

## വാർഷിക റിപ്പോർട്ട് 2012 - 2013

### 1) കമ്മീഷന്റെ ഭരണഘടന

1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് (1993-ലെ 11-ാം ആക്ട്) ചുരുക്കപ്പേര് കെ.എസ്.സി.ബി.സി ആക്ട്, 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു നികായമാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ. (ആക്ട് അനുബന്ധം I ആയി ഉൾപ്പെടുത്തിയിരിക്കുന്നു) പ്രസ്തുത വകുപ്പിന് 2000-ത്തിലെ 10-ാം ആക്ട് പ്രകാരം ഒരു ഭേദഗതി വരുത്തിയിട്ടുള്ളതും ആയത് 18/01/2000-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാകുന്നു. (ഭേദഗതി നിയമം അനുബന്ധം II ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

### 2) കമ്മീഷന്റെ ഘടന

കെ.എസ്.സി.ബി.സി ആക്ടിലെ മൂന്നാം വകുപ്പ് പ്രകാരം കമ്മീഷന്റെ അദ്ധ്യക്ഷൻ സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജി ആയതോ ആയിരുന്നതോ ആയ വ്യക്തിയും, കമ്മീഷൻ മെമ്പർ സെക്രട്ടറി, സ്ഥാനം ഹേതുവായി പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് സെക്രട്ടറിയും രണ്ട് അംഗങ്ങൾ പിന്നോക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക പരിജ്ഞാനം ഉള്ളവരും ആണ്.

റിപ്പോർട്ടു വർഷത്തിലും റിട്ട. ഹൈക്കോടതി ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷന്റെ അദ്ധ്യക്ഷ പദവി അലങ്കരിച്ചു വരുന്നു. മെമ്പർമാരായി ശ്രീ. മുല്ലൂർക്കര മുഹമ്മദ് അലി സഖാഫി ശ്രീ. കെ. ജോൺ ബ്രിട്ടോ എന്നിവരും സേവനമനുഷ്ഠിച്ചു വരുന്നു. പട്ടികവർഗ്ഗ വികസനം, പിന്നോക്ക സമുദായ വികസനം എന്നീ വകുപ്പുകളുടെ സെക്രട്ടറിയായിരുന്ന ഡോ. ദേവേന്ദ്രകുമാർ ദൊഡാവത്. ഐ.എ.എസ് മെമ്പർ സെക്രട്ടറിയായി ചുമതല നിർവഹിച്ചു.

### 3) ചുമതലകൾ

I) സമൂഹത്തിൽ പിന്നോക്കം നില്ക്കുന്നവരെ മറ്റു പിന്നോക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും പ്രസ്തുത പട്ടികയിൽ ഏതെങ്കിലും വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയത് കുറഞ്ഞു പോയെന്നോ ഉള്ള പരാതികൾ സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് സർക്കാരിനു ഉപദേശം നൽകുകയും ചെയ്യുക (വകുപ്പ് 9(1)).

കമ്മീഷൻ സർക്കാരിന് നല്കുന്ന ഉപദേശം സാധാരണഗതിയിൽ അംഗീകരിക്കപ്പെടേണ്ടതാണ് (വകുപ്പ് 9(2)).

II) കെ.എസ്.സി.ബി.സി ആക്ടിലെ 11-ാം വകുപ്പ് പ്രകാരം പിന്നോക്ക വിഭാഗക്കാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്ന പ്രക്രിയയിൽ സർക്കാരിനെ ഉപദേശിക്കുക.

കൂടാതെ മറ്റു പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിൽ (ഒ.ബി.സി ലിസ്റ്റ്) ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ഉപദേശിക്കുക.

**4) <u>അധിക ചുമതല</u>**

സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് കാലാകാലങ്ങളിൽ പഠിച്ച് അതിന്റെയടിസ്ഥാനത്തിൽ അവരുടെ അവസ്ഥയെക്കുറിച്ച് റിപ്പോർട്ട് കേരള നിയമസഭയ്ക്ക് നൽകുക (1995-ലെ 16ാം ആക്ട് 5-ാം വകുപ്പ് അനുബന്ധം III ആയി ഉൾപ്പെടുത്തിയിരിക്കുന്നു).

**5) <u>കമ്മീഷന്റെ ആസ്ഥാനം</u>**

തിരുവനന്തപുരത്ത് വെള്ളയമ്പലം കനകനഗറിൽ അയ്യങ്കാളി ഭവൻ കെട്ടിട സമുച്ചയത്തിന്റെ മൂന്നാം നിലയിൽ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു.

**6) <u>ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും</u>**

കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കെ.എസ്.സി.ബി.സി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം സർക്കാർ നൽകേണ്ടതാണ്. കമ്മീഷന് അനുവദിച്ചിരുന്ന 31 തസ്തികകൾക്കും തുടർച്ചാനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും റിപ്പോർട്ടു വർഷം സർക്കാർ ഉത്തരവ് (സാധാ) നം. 592/2012/പജപവവിവ തീയതി 31/03/2012 പ്രകാരം താഴെപ്പറയുന്ന 18 തസ്തികകൾക്ക് മാത്രമേ തുടർച്ചാനുമതി ലഭിച്ചിട്ടുള്ളു.

| | | |
|---|---|---|
| 1 | രജിസ്ട്രാർ | 1 |
| 2 | അഡീഷണൽ രജിസ്ട്രാർ | 1 |
| 3 | ഫിനാൻസ് ഓഫീസർ | 1 |
| 4 | സെക്ഷൻ ഓഫീസർ | 2 |
| 5 | അസിസ്റ്റന്റ് ഗ്രേഡ് II | 4 |
| 6 | ടൈപ്പിസ്റ്റ് II | 2 |
| 7 | പ്യൂൺ | 2 |
| 8 | ഷോഫെർ | 1 |
| 9 | ഡ്രൈവർ | 2 |

| | | |
|---|---|---|
| 10 | നൈറ്റ് വാച്ചർ | 1 |
| 11 | പാർട്ട്- ടൈം-സ്വീപ്പർ | 1 |

സർക്കാർ അഡീഷണൽ സെക്രട്ടറി ശ്രീമതി. സൂസി ഈപ്പൻ കമ്മീഷന്റെ രജിസ്ട്രാർ ആയി റിപ്പോർട്ടു വർഷം സേവനമനുഷ്ഠിച്ചു.

**7) ധനം**

കെ.എസ്.സി.ബി.സി ആക്ട് 12-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക സർക്കാർ ഗ്രാന്റ് ആയി കമ്മീഷനു നൽകേണ്ടതാണ്.

റിപ്പോർട്ടു വർഷം ബഡ്ജറ്റിൽ കമ്മീഷനു സഹായ ധനമായി വകകൊള്ളിച്ചിരുന്ന 1,08,28,000/- രൂപ കൂടാതെ 2,00,000/ രൂപ അധികം അനുവദിക്കുകയും ആയത് കമ്മീഷന്റെ ആവശ്യങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**8) കമ്മീഷന്റെ അക്കൗണ്ടും ആഡിറ്റും**

കെ.എസ്.സി.ബി.സി ആക്ടിലെ വകുപ്പ് 13 (2) പ്രകാരം കമ്മീഷന്റെ അക്കൗണ്ട്സ് ഇന്ത്യൻ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ തീരുമാന പ്രകാരം ഓരോ കാലയളവിലും ആഡിറ്റ് നടത്തേണ്ടതാണ്. റിപ്പോർട്ടു വർഷത്തിൽ 2011-2012 സാമ്പത്തിക വർഷത്തെ അക്കൗണ്ട് ആഡിറ്റ് നടത്തിയിട്ടുണ്ട്.

**9) പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ**

റിപ്പോർട്ട് വർഷാരംഭത്തിൽ കമ്മീഷന്റെ വകുപ്പ് 9(1) പ്രകാരമുള്ള പരിശോധനയ്ക്കു വിധേയമായ 63 കേസുകൾ നിലവിലുണ്ടായിരുന്നു. റിപ്പോർട്ടു വർഷം 40 അപേക്ഷകൾ കമ്മീഷൻ ഓഫീസിൽ ലഭിച്ചുവെങ്കിലും സൂക്ഷമ പരിശോധനയ്ക്കു ശേഷം 22 അപേക്ഷകൾക്ക് മറുപടി നല്കി തീർപ്പു കൽപ്പിച്ചിട്ടുണ്ട്. വിവരാവകാശ നിയമം 2005 പ്രകാരം ലഭിച്ച 10 അപേക്ഷകൾക്ക് നിയമനാസൃതം മറുപടി നൽകി തീർപ്പാക്കിയിട്ടുണ്ട്. ശേഷിച്ച 8 കേസുകൾ വകുപ്പ് 9(1) പ്രകാരം വിശദ പരിശോധയ്ക്കുള്ളവയാണ്. അങ്ങനെ റിപ്പോർട്ടു വർഷാവസാനത്തിൽ 71 കേസുകൾ വിവിധ തലങ്ങളിലായി കമ്മീഷന്റെ പരിഗണനയിലുണ്ട്. (ലിസ്റ്റ് അനുബന്ധം IV ആയി ചേർത്തിരിക്കുന്നു) ഈ കേസുകളിൽ റിപ്പോർട്ടു വർഷം കമ്മീഷൻ സ്വീകരിച്ച നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

കമ്മീഷൻ കേസുകൾ പരിഗണിക്കുന്നത് അപേക്ഷകരെ നേരിൽ കേട്ട് മൊഴിയെടുത്തും മറ്റു പഠന/സർവ്വേ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുമാണ്. കമ്മീഷൻ ആസ്ഥാനത്തും മറ്റു ജില്ലാ കേന്ദ്രങ്ങളിൽ വച്ചും സിറ്റിംഗുകൾ നടത്താറുണ്ട്. ഈ

കർത്തവ്യ നിർവ്വഹണത്തിന് കമ്മീഷന് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളുമുണ്ട്. റിപ്പോർട്ടു വർഷത്തിൽ ആസ്ഥാന ആഫീസിൽ വച്ച് 03/04/2012, 11/04/2012, 27/04/2012, 04/05/2012, 15/05/2012, 04/06/2012, 15/06/2012, 24/06/2012, 03/07/2012, 16/07/2012, 23/07/2012, 04/08/2012, 11/08/2012, 22/08/2012, 28/08/2012, 04/09/2012, 22/09/2012, 04/10/2012, 17/10/2012, 03/11/2012, 15/11/2012, 05/12/2012, 14/12/2012, 22/12/2012, 07/01/2013, 28/01/2013, 08/02/2013, 15/02/2013, 22/02/2013, 04/03/2013, 26/03/2013 എന്നീ തീയതികളിലായി ആകെ 31 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ഇതിനു പുറമെ കാസർഗോഡ്, തൃശ്ശൂർ (2), പാലക്കാട്, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ യഥാക്രമം 11/09/2012, 20/6/2012, 28/09/2012, 22/11/2012, 29/11/2012, 20/03/2013 തീയതികളിലായി 6 സിറ്റിംഗുകൾ കൂടി നടത്തിയിട്ടുണ്ട്. പ്രസ്തുത സിറ്റിംഗുകളിൽ കമ്മീഷനു ലഭിച്ച പരാതികളിൽമേൽ തെളിവെടുപ്പു നടത്തുകയുണ്ടായി. നാൽപ്പതോളം കേസുകൾ കമ്മീഷൻ മുമ്പാകെ ഈ കാലയളവിൽ വന്നിട്ടുണ്ട്.

മുകളിൽ പറഞ്ഞ തീയതികളിൽ നടത്തിയ സിറ്റിംഗുകളിൽ വിവിധ സമുദായ സംഘടനകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നടത്തിയവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 4/06/2012-ന് നടന്ന കമ്മീഷന്റെ 268-ാമത്തെ സിറ്റിംഗിൽ ലാറ്റിൻ കാത്തലിക് വിഭാഗത്തിൽപ്പെട്ട അപേക്ഷകയ്ക്ക് നോൺ- ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിച്ചു. ഈ വിഷയം വിശദമായി ചർച്ച ചെയ്തു അപേക്ഷകയ്ക്ക് മറുപടി നൽകാൻ നിർദ്ദേശിച്ചു തീർപ്പാക്കി.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 15/06/2012-ന് നടന്ന കമ്മീഷന്റെ 269-ാമത്തെ സിറ്റിംഗിൽ 'തിയ്യ' എന്ന പേരിൽ ആനുപാതിക സംവരണം അനുവദിക്കണമെന്ന തിയ്യ മഹാസഭയുടെ നിവേദനം പരിഗണിച്ചു. സമുദായ സംഘടനയെ പ്രതിനിധീകരിച്ച് 4 പേരും കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ നിന്ന് രണ്ട് പേരും പങ്കെടുത്തു. പി.എസ്.സിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് അടുത്ത സിറ്റിങ്ങിലേക്ക് മാറ്റിവച്ചു.

തൃശ്ശൂർ ജില്ലാകളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് 20/06/2012-ന് നടന്ന കമ്മീഷന്റെ 270-ാമത്തെ സിറ്റിംഗിൽ പാലക്കാട് ജില്ലയിലെ കൈക്കോളൻ, ശെങ്കുന്തർ, കേരള മുതലി, മുതലിയാർ എന്നിവർ 'കൈക്കോളൻ' വിഭാഗത്തിൽപ്പെടുന്നവരാണെന്നും ഇവരെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിവേദനം പരിഗണിച്ചു. കേരള കൈക്കോളൻ/മുതലി സംഘത്തെ പ്രതിനിധീകരിച്ച് 25 പേർ സിറ്റിംഗിൽ പങ്കെടുത്തു. വിശദമായ റിപ്പോർട്ട് കിർത്താഡ്സിൽ നിന്നും, ഒറ്റപ്പാലം തഹസിൽദാരിൽ നിന്നും ആവശ്യപ്പെടാമെന്ന് തീരുമാനിച്ചുകൊണ്ട് അടുത്ത സിറ്റിംഗിലേക്ക് മാറ്റിവച്ചു.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 03/07/2012-ന് നടന്ന 271-ാമത്തെ സിറ്റിംഗിൽ ഒ.ബി.സി ലിസ്റ്റിലെ ക്രമനമ്പർ സ്ഥാന മാറ്റം വേണമെന്നാവശ്യപ്പെട്ട് കേരള ഗണക കണിശ സഭ സമർപ്പിച്ച നിവേദനം പരിഗണിച്ചു. സമുദായ സംഘടനയെ പ്രതിനിധീകരിച്ച് 15 പേർ

പങ്കെടുത്തു. കിർത്താഡ്സിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ വീണ്ടും വാദം കേൾക്കുന്നതിനും തീരുമാനിച്ചു.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 04/09/2012-ന് നടന്ന കമ്മീഷന്റെ 276-ാമത്തെ സിറ്റിംഗിൽ കാസർഗോഡ് താലൂക്കിലെ മറാത്തി വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന നിവേദനവും ഒ.ബി.സി ലിസ്റ്റിലെ ക്രമനമ്പർ സ്ഥാന മാറ്റം വേണമെന്നാവശ്യപ്പെട്ട് കേരള ഗണക കണിശ സഭയുടെ നിവേദനവും പരിഗണിച്ചു. വിവിധ സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് ആകെ 20 പേരും പബ്ലിക് സർവ്വീസ് കമ്മീഷൻ അഡീഷണൽ സെക്രട്ടറിയും പങ്കെടുത്തു. ഗണക/കണിശ സമുദായ സഭാ ഭാരവാഹികളിൽ നിന്നും മൊഴി ശേഖരിക്കുകയും ഇക്കാര്യത്തിൽ തുടർ സിറ്റിംഗ് നടത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

മറാത്തി വിഭാഗത്തിന് ഉണ്ടായിരുന്ന എസ്.റ്റി സ്റ്റാറ്റസ് പുന:സ്ഥാപിക്കണമെന്ന വിഷയം സെൻട്രൽ ഗവൺമെന്റിന്റെ സജീവ പരിഗണനയിലായതിനാൽ അവരെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നുള്ള മറാത്തി സമുദായ സമിതി പ്രസിഡന്റിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം കമ്മീഷൻ തീർപ്പാക്കാൻ തീരുമാനിച്ചു.

കാസർഗോഡ് കളക്ടറേറ്റ് കോൺഫറസ് ഹാളിൽ വച്ച് 11/09/2012-ന് നടന്ന കമ്മീഷന്റെ 277-ാമത്തെ സിറ്റിംഗിൽ മാളവ, തിയ്യ-കാവുതിയ്യ, തുറുക്കർ, കുമാരക്ഷത്രിയ എന്നീ വിഭാഗങ്ങളെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന നിവേദനങ്ങൾ പരിഗണിച്ചു. തിയ്യ-കാവുതീയ്യ സമുദായം ഒഴികെ മറ്റ് സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 20 പേർ പങ്കെടുത്തു. ഇവരിൽ നിന്നും വിശദമായ തെളിവെടുപ്പും മൊഴിയെടുപ്പും നടത്തുകയുണ്ടായി.

തൃശ്ശൂർ ജില്ലാകളക്ടറേറ്റ് കോൺഫറസ് ഹാളിൽ വച്ച് 28/09/2012-ന് നടന്ന കമ്മീഷന്റെ 279-ാമത്തെ സിറ്റിംഗിൽ റാവുത്തർ വിഭാഗത്തിന് ഒ.ബി.സി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന നിവേദനം പരിഗണിച്ചു. സമുദായ സംഘടനയെ പ്രതിനിധീകരിച്ച് 21 പേരും പാലക്കാട് ഡെപ്യൂട്ടി കളക്ടറും പങ്കെടുത്തു. ഈ വിഷയം ഒരിക്കൽ കൂടി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ഡെപ്യൂട്ടി കളക്ടർ ഉറപ്പു നൽകി.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 04/10/2012-ന് നടന്ന കമ്മീഷന്റെ 280-ാമത്തെ സിറ്റിംഗിൽ കേരള കളിമൺപാത്ര നിർമ്മാണ തൊഴിലാളി സംഘത്തിന്റെ നിവേദനം പരിഗണിച്ചു. സമുദായ സംഘടനയെ പ്രതിനിധീകരിച്ച് 19 പേർ പങ്കെടുത്തു. സംഘം ഭാരവാഹികളിൽ നിന്നും മൊഴിയെടുത്തു.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 17/10/2012-ന് നടന്ന കമ്മീഷന്റെ 281-ാമത്തെ സിറ്റിംഗിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ചക്കാലനായരുടെ നിവേദനവും മുസ്ലീം സംവരണം ഒസ്സ-മരയ്ക്കാർ എന്നിവർക്കായി പരിമിതപ്പെടുത്തണമെന്ന നിവേദനവും ഏലൂർ ചെട്ടി സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന നിവേദനവും

വാണിയ/ഗണിഗ സമാജ സേവ സംഘത്തിന്റെ സമുദായ നാമം 'ഗണിക' എന്നുള്ളത് 'ഗണിഗ' എന്ന് മാറ്റണമെന്ന നിവേദനവും പരിഗണിച്ചു. വിവിധ സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 12 പേർ പങ്കെടുത്തു. പ്രതിനിധികളിൽ നിന്നും വിശദമായ തെളിവെടുപ്പ് നടത്തി.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 03/11/2012-ന് നടന്ന കമ്മീഷന്റെ 282-ാമത്തെ സിറ്റിംഗിൽ പെന്തക്കോസ്തു ക്രിസ്ത്യൻസിനെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന പെന്തക്കോസ്ത് ക്രിസ്ത്യൻ അസോസിയേഷന്റെ നിവേദനവും ജാതി/നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നില്ലെന്ന കന്നടിയൻ സമുദായത്തിന്റെ പരാതിയും ദളിത് ക്രൈസ്തവരെ ക്രീമിലെയർ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച നിവേദനവും പരിഗണിച്ചു. സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 35 പേർ പങ്കെടുത്തു. വിശദമായ സത്യവാങ്മൂലം സമർപ്പിക്കാൻ നിർദ്ദേശിച്ചു.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 15/11/2012-ന് നടന്ന കമ്മീഷന്റെ 283-ാമത്തെ സിറ്റിംഗിൽ ചെട്ടി സമുദായത്തിന് ഒ.ഇ.സി ആനുകൂല്യത്തോടൊപ്പം ക്രീമിലെയറിൽ നിന്നും ഒഴിവാക്കുക എന്ന കേരള ചെട്ടിമഹാസഭയുടെ നിവേദനവും നായർ, ബ്രാഹ്മണർ, അമ്പലവാസികൾ എന്നിവരെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന മാനവ ഐക്യവേദിയുടെ നിവേദനവും പരിഗണിച്ചു. സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 11 പേർ പങ്കെടുത്തു.

പാലക്കാട് ജില്ലാകളക്ടറേറ്റ് കോൺഫറസ് ഹാളിൽ വച്ച് 22/11/2012-ന് നടന്ന കമ്മീഷന്റെ 284-ാമത്തെ സിറ്റിംഗിൽ പത്തുകുടി സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന പത്തുകുടി സർവ്വീസ് സൊസൈറ്റിയുടെ നിവേദനവും നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നത് സംബന്ധിച്ച ചെട്ടി സമുദായത്തിന്റെ നിവേദനവും പരിഗണിച്ചു. സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 44 പേരും പിന്നോക്ക സമുദായ വികസന വകുപ്പു ഡയറക്ടറും പാലക്കാട് തഹസിൽദാരും പങ്കെടുത്തു. ചെട്ടി സമുദായത്തിന്റെ നിവേദനം സംബന്ധിച്ച് സർക്കാരിൽ ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ പിന്നോക്ക വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി.

എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറസ് ഹാളിൽ വച്ച് 29/11/2012-ന് നടന്ന കമ്മീഷന്റെ 285-ാമത്തെ സിറ്റിംഗിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ചവളർ സൊസൈറ്റിയുടെ നിവേദനം പരിഗണിച്ചു. സമുദായ സംഘടനയെ പ്രതിനിധീകരിച്ച് 18 പേർ പങ്കെടുത്തു.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 5/12/2012-ന് നടന്ന കമ്മീഷന്റെ 286-ാമത്തെ സിറ്റിംഗിൽ ചക്കാല നായർ സമുദായത്തെ ചക്കാല സമുദായത്തിനോടൊപ്പം ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആൾ കേരള ചെക്കാല സമുദായ സംഘത്തിന്റെ നിവേദനം പരിഗണിച്ചു. സമുദായ സംഘടനയെ പ്രതിനിധീകരിച്ച് 9 പേർ പങ്കെടുത്തു.

ഈ വിഷയം സോഷ്യോ ഇക്ണോമിക് സർവ്വേ റിപ്പോർട്ട് ലഭ്യമായശേഷം വീണ്ടും പരിഗണിക്കാമെന്ന് തീരുമാനിച്ചു.

കമ്മീഷൻ ആസ്ഥാന ഓഫീസിൽ വച്ച് 14/12/2012-ന് നടന്ന കമ്മീഷന്റെ 287-ാമത്തെ സിറ്റിംഗിൽ യോഗീശ്വര സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഒരു സ്വതന്ത്ര സമുദായമായി നിലനിർത്തുക എന്ന നിവേദനവും ഉപവിഭാഗങ്ങളെ കൂടി ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആൾ ഇൻഡ്യ വീരശൈവ മഹാസഭയുടെ നിവേദനവും പരിഗണിച്ചു. സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 32 പേർ പങ്കെടുത്തു.

വയനാട് ജില്ലാകളക്ടറേറ്റ് കോൺഫറസ് ഹാളിൽ വച്ച് 20/03/2013-ന് നടന്ന കമ്മീഷന്റെ 295-ാമത്തെ സിറ്റിംഗിൽ വയനാട് ജെയിൻ മൈനോരിറ്റി വിഭാഗത്തെയും കളനാടി വിഭാഗത്തെയും ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന നിവേദനവും പരിഗണിച്ചു. സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 46 പേരും കിർത്താഡ്സ് റിസർച്ച് ഓഫീസറും വൈത്തിരി, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നീ താലൂക്കുകളിലെ തഹസിൽദാർമാരും വില്ലേജ് ഓഫീസർമാരും ജില്ലാ പട്ടികജാതി വികസന ഓഫീസർ, ഐ.റ്റി. ഡി.പി പ്രോജക്ട് ഓഫീസർ, സുൽത്താൻ ബത്തേരിയിലെയും മാനന്തവാടിയിലെയും ട്രൈബൽ ഡെവലപ്പ്മെന്റ് ആഫീസർമാരും പങ്കെടുത്തു. കളനാടി സമുദായത്തെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സമുദായം ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് നിലവിലുണ്ടെന്നും ആയതിനാൽ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് സമർപ്പിച്ച അപേക്ഷ പിൻവലിച്ചുവെന്നും വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം തീർപ്പാക്കാൻ തീരുമാനിച്ചു. ജെയിൻ വിഭാഗത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അടങ്ങിയ സത്യവാങ്മൂലം അവരിൽ നിന്നും ലഭിച്ച ശേഷം തുടർ ചർച്ചക്കായി മാറ്റിവച്ചു.

10) <u>പൊതുവായവ</u>

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിന്റേയും പൊതു ജനങ്ങളിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളുടെയും ഭാഗമായി കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kscbc.kerala.gov.in 24/07/2012-ൽ ബഹു. പട്ടികജാതി പിന്നോക്ക ക്ഷേമ ടൂറിസം വകുപ്പ് മന്ത്രി **ശ്രീ. എ.പി. അനിൽ കുമാർ** ഉദ്ഘാടനം ചെയ്തു.

കമ്മീഷന്റെ കൃത്യനിർവ്വഹണത്തിനു സഹായകമാകുന്നതിനുള്ള വിവരശേഖരണത്തിനായി ഒരു ഓൺ ലൈൻ സംവിധാനം (വെബ് പോർട്ടൽ) തുടങ്ങുവാൻ തീരുമാനിക്കുകയും കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികളായ എൻ.ഐ.സി, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ എന്നിവയുടെ സഹകരണത്തോടെ കേരള സർക്കാർ സംരംഭമായ

സ്പാർക്ക് മുഖേന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിനെ സമീപിച്ചിരിക്കുകയാണ്.

31/01/2013 മുതൽ 03/02/2013 വരെ സിക്കിം പിന്നാക്ക വിഭാഗ കമ്മീഷന്റെ 8 അംഗ സംഘം കേരളത്തിലെ പിന്നോക്ക സമുദായങ്ങളുടെ സാമൂഹിക അവസ്ഥയെക്കുറിച്ച് പഠിക്കുവാനും അതുമായി ബന്ധപ്പെട്ട കമ്മീഷന്റെ പ്രവർത്തന പുരോഗതി മനസ്സിലാക്കുന്നതിനുമായി ഈ കമ്മീഷൻ സന്ദർശിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു.

ഔദ്യോഗിക ഭാഷാ വകുപ്പിന്റെ 09/08/2012-ൽ ചേർന്ന ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി യോഗ തീരുമാനപ്രകാരം 2012 നവംബർ 1 മുതൽ ഒരു വർഷം ഭരണ ഭാഷ വർഷമായി ആചരിക്കുന്നതിന് തീരുമാനിച്ചതുപ്രകാരം കമ്മീഷനിലും ഭരണ ഭാഷ വർഷമായി ആചരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കമ്മീഷനിൽ നിന്നും അയയ്ക്കുന്ന കത്തുകളുടെ മുകളിൽ 'ഭരണ ഭാഷ മാതൃഭാഷ' എന്ന വാക്യം പതിക്കുകയും ഓഫീസിൽ ഇക്കാര്യം പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2010-ലെ കമ്മീഷൻ ഉപദേശം അംഗീകരിച്ചു കൊങ്കു വെള്ളാള ഗൗണ്ടർ വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഇനം 35A ആയി ഉൾപ്പെടുത്തി 24/09/2012-ൽ സ.ഉ (പി) നം. 48/2012/ ഉപഭവ നമ്പരായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

1993-ലെ പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് 11-ാം വകുപ്പ് പ്രകാരം മറ്റു പിന്നോക്ക വിഭാഗക്കാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കേണ്ടതുണ്ട്. ആയതിന് ആവശ്യമായിട്ടുള്ള സോഷ്യോ ഇക്ണോമിക് സർവ്വേ നടത്തുവാൻ 2007-ൽ ഉത്തരവായെങ്കിലും (2011-12) വർഷാവസാനത്തിൽ മാത്രമാണ് ഇതിനുള്ള നടപടികൾ തുടങ്ങിയത്. സർവ്വേ പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പട്ടിക പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അനുബന്ധം III

## 2012 2013 വർഷത്തിൽ കമ്മീഷനിൽ ലഭിച്ച നിവേദനങ്ങളുടെ വിശദവിവരം

1. 24/03/2012-ലെ 22026/എഫ്3/11/പജപവവിവ നമ്പർ സർക്കാർ കത്ത് - കാസർഗോഡ് കമ്മാറ, മറാത്തി സമുദായങ്ങളുടെ ഒ.ബി.സി സംവരണം സംബന്ധിച്ച്
2. 04/05/2012-ലെ 46/എ3//2012/പി.സ.വി.വ നമ്പർ സർക്കാർ കത്ത് - കൊങ്കുവെള്ളാളർ വേട്ടുവഗൗണ്ടർ, പടയാച്ചിഗൗണ്ടർ, വന്നിയഗൗണ്ടർ, ആണ്ടിപണ്ടാരം, മുതലിയാർ, അഹമുടയാർ, ചോഴിയ, വെള്ളാള പിള്ള എന്നീ സമുദായങ്ങളെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്
3. പെരുംകൊല്ലസമാജം സംസ്ഥാന പ്രസിഡന്റ് ശ്രീ.റ്റി.കെ. മോഹനന്റെ നിവേദനം- പെരുംകൊല്ലൻ സമുദായങ്ങൾക്ക് പൊതുസമുദായനാമം നൽകുന്നതു - സംബന്ധിച്ച്
4. 13/06/2012-ലെ 235/എ3/2012/പി.സ.വി.വ നമ്പർ സർക്കാർ കത്ത്- പാലക്കാട് ജില്ലയിലെ തമിഴ്ന്യൂനപക്ഷ ക്രിസ്തീയ വന്നിയ സമുദായാംഗങ്ങൾക്ക് സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന പരാതി
5. ശ്രീ. വി. വിനീത്, പാലക്കാടിന്റെ നിവേദനം - ചെട്ടി സമുദായത്തിന് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന പരാതി.
6. 28/07/2012-ലെ 716/എ3/2012/പി.സ.വി.വ നമ്പർ സർക്കാർ കത്ത് - ഗണക സമുദായത്തിന് സർക്കാർ നിയമനങ്ങളിൽ 1% സംവരണം അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച്
7. അഖില കേരള യാദവ സഭ ജനറൽ സെക്രട്ടറി അഡ്വ. എം. രമേഷിന്റെ നിവേദനം - യാദവ സമുദായത്തിന് 5% പ്രത്യേക സംവരണം അനുവദിക്കണമെന്നതു - സംബന്ധിച്ച്
8. കോട്ടയർ സേവാ സംഘം സെക്രട്ടറി നൽകിയ നിവേദനം - രാമക്ഷത്രിയ വിഭാഗത്തെ കോട്ടയാർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്
9. കാസർഗോഡ് ജോഗി സമാജം സുധാകര സംഘം പ്രസിഡന്റ് ശ്രീ. മുരഹരിയുടെ നിവേദനം - ജോഗി സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്
10. ദാസ സമുദായ സുധാകര സംഘം പ്രസിഡന്റ് ശ്രീ. പുരന്ദരദാസിന്റെ നിവേദനം - ദാസ സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

11. 07/09/2012-ലെ 1388/എ3/2012/പി.സ.വി.വ നമ്പർ സർക്കാർ കത്ത് - മഹേന്ദ്ര-മേതര സമുദായത്തിന് പ്രത്യേക സംവരണം - സംബന്ധിച്ച്
12. കന്നടിയൻ സമുദായം സംഘടന സെക്രട്ടറി ശ്രീ. എൻ. വി. രാമസ്വാമി നൽകിയ നിവേദനം - കന്നടിയൻ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റും ക്രീമിലെയർ സർട്ടി ഫിക്കറ്റും ലഭിക്കുന്നില്ലെന്ന പരാതി - സംബന്ധിച്ച്
13. എയ്ഞ്ചൽ മേരിയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത 21948/2012 -ാം നമ്പർ റിട്ട് ഹർജി - സംബന്ധിച്ച്
14. കേരള സ്റ്റേറ്റ് ഏലൂർ ചെട്ടി സമുദായം പ്രസിഡന്റ് ശ്രീ. കെ. സുബ്രഹ്മണ്യം സമർപ്പിച്ച നിവേദനം - ചെട്ടി സമുദായത്തെ ക്രീമിലെയറിൽ നിന്നും ഒഴിവാക്കണമെന്നതു - സംബന്ധിച്ച്
15. ശ്രീ. എം. ജി. രഞ്ജിത് കുമാർ സമർപ്പിച്ച പരാതി - തൊട്ടിയൻ സമുദായാംഗങ്ങൾക്ക് തൊട്ടിയനായ്ക്കർ ജാതി സർട്ടിഫിക്കറ്റ് നൽകണമെന്ന ആവശ്യം -സംബന്ധിച്ച്
16. നോൺ-ക്രീമിലെയർ ഒ.ബി.സി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് ശ്രീ. വിനീത് .റ്റി.വി-യുടെ അപേക്ഷ.

**<u>മറ്റു നിവേദനങ്ങൾ</u>**

17. ഇടുക്കി ജില്ലയിലെ ഏകാധ്യാപക സ്കുളുകൾ എൽ.പി സ്കൂളുകളായി ഉയർത്തുന്നത് സംബന്ധിച്ച് ശ്രീമതി. സൽമ. വി.എച്ച് നൽകിയ അപേക്ഷ.
18. അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള കാലതാമസം സംബന്ധിച്ച ഡോ. സജിത്തിന്റെ അപേക്ഷ.
19. വാർദ്ധ്യകകാല പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. വി. തങ്കപ്പൻ നൽകിയ അപേക്ഷ
20. ലാറ്റിൻ ക്രിസ്ത്യാനികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് ശ്രീ. വാസു ദേവന്റെ നിവേദനം.
21. നിയമസഭയുടെ പിന്നാക്ക സമുദായ ക്ഷേമ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സംബന്ധിച്ചുള്ള അർദ്ധഔദ്യോഗിക കത്ത്.
22. സഹപ്രവർത്തകന്റെ പെരുമാറ്റ ദൂഷ്യത്തിനെതിരെ ശ്രീ. പി.ആർ. സലിം രാജിന്റെ പരാതി.
23. നാടാർ സമുദായത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കുന്നതിന് കമ്മീഷൻ നിയമിക്കുന്നത് സംബന്ധിച്ച പിന്നാക്ക സമുദായ വകുപ്പിന്റെ കത്ത്.
24. 08/08/2012-ലെ 1101/2012/പി.സ.വി.വ സർക്കാർ കത്ത് - മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷന്റെ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ചിട്ടുള്ള ശ്രീ. പി.പി. ഗോപി.ഐ.എ.എസ് -ന്റെ സേവന കാലവധി സംബന്ധിച്ച കത്ത്.

25. ശ്രീമതി. ജിജി. ജെ.എൽ-ന്റെ നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ.
26. ജാതിപ്പേര് പറഞ്ഞ അധിഷേപിച്ചത് സംബന്ധിച്ച് ശ്രീമതി. ജാനകി നൽകിയ പരാതി സംബന്ധിച്ച്
27. പ്രൊഫഷണൽ കോളേജുകളിൽ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന് സംവരണം നൽകണമെന്ന ആംഗ്ലോ ഇൻഡ്യൻ അസോസിയേഷന്റെ അപേക്ഷ.
28. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിലെ അപാകത സംബന്ധിച്ച് ശ്രീ. സബീഷ്.കെ.ജെ നൽകിയ പരാതി.
29. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിച്ചതു സംബന്ധിച്ച് ഡിപ്രസ്ഡ് ക്ലാസ് സമിതിയുടെ പരാതി.
30. പട്ടികജാതിക്കാർക്കെതിരെയുള്ള അധിക്ഷേപം സംബന്ധിച്ച് ശ്രീ. ബാബുവിന്റെ പരാതി.

<u>വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾ</u>

31. ശ്രീ. നിക്കോളസ് മാനുവലിന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
32. 06/06/2012-ലെ 12/എ1/2012/പി.സ.വി.വ സർക്കാർ കത്ത് - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
33. ശ്രീമതി. ഷൈനി.എൻ. ബി.-യുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
34. ശ്രീ. പി.വി. ലക്ഷ്മണന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
35. ശ്രീ. ജയിംസ് ഫെർണാഡസിന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
36. ശ്രീ. വിനോദ് ക്രിസ്റ്റിയുടെ വിവരാവരാകാശ നിയമപ്രകാരമുള്ള അപേക്ഷ.
37. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ലഭ്യമാക്കിയ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
38. വിവരാവകാശ നിയമപ്രകാരം ശ്രീ. എസ്.സുധി സമർപ്പിച്ച അപേക്ഷ.
39. ശ്രീ. മുകുന്ദൻ കുറുപ്പ് വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷ.
40. വിവരാവകാശ നിയമപ്രകാരം ശ്രീ. റ്റി.ആർ. സോമസുന്ദരൻ സമർപ്പിച്ച അപേക്ഷ.

**അനുബന്ധം -IV**

**വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കമ്മീഷനിൽ ലഭ്യമായിട്ടുള്ള നിവേദങ്ങളിൽ 31.03.2013 വരെ തീരുമാനമെടുക്കാതെ ശേഷിക്കുന്നവ**

1. മാളവ സമുദായം
2. ഈഴവ-തിയ്യ
3. കമ്മാറ
4. ക്രിസ്തുമതത്തിലേക്ക് മതമാറ്റം നടത്തിയ പിന്നാക്ക വിഭാഗങ്ങൾ
5. കൊങ്കിണി കത്തോലിക്ക ക്രിസ്ത്യൻ
6. മെക്ക
7. ഗണക
8. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത എസ്.ഐ.യു.സി നാടാർ ഒഴികെ ഉള്ളവർ
9. വണികവൈശ്യ
10. എഴുത്തച്ഛൻ
11. നായിഡു
12. വെള്ളാള ഷെട്ടി
13. ആന്തൂർ നായർ
14. വിളക്കിത്തലനായർ
15. മുവാരി-മുഖാരി
16. 24 മന തെലുങ്ക് ചെട്ടി
17. കളരിപണിക്കർ
18. കുടുംബി
19. പത്മശാലി സമാജം
20. ആംഗ്ലോ ഇൻഡ്യൻ
21. പെന്തക്കോസ്ത് ക്രിസ്ത്യാനികൾ
22. സാരസ്വത അബ്രാഹ്മണർ
23. തുറുക്കർ
24. പണ്ഡിതർ
25. തീയ്യ കാവുതീയ്യ
26. യോഗീശ്വര
27. വാണിയ/ഗണിഗ
28. വിശ്വകർമ്മസഭ

29. കത്തോലിക്ക കമ്മാളർ
30. മാനവ ഐക്യവേദി
31. ഹനഫി
32. മൺപാത്ര നിർമ്മാണ സമുദായ സഭ
33. വെളുത്തേടത്ത് നായർ
34. ചക്കാല നായർ
35. മുതലിയാർ
36. റാവുത്തർ
37. തമ്മാളി സമുദായം
38. ബേസൽ മിഷൻ കമ്മ്യൂണിറ്റി
39. ഈഴവാത്തി സഹോദര സമാജം -ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്
40. ധീവര
41. വടുക
42. ഗഞ്ചം റെഡ്ഡി
43. ജയിൻ മൈനോറിറ്റി സെൽ
44. കുറിക്കൻ സമുദായം
45. തീരദേശ വികസന സമിതി
46. മലയാള ബ്രാഹ്മണസഭ
47. പത്തുകുടി സമുദായം
48. ബോയൻ
49. വയനാടൻചെട്ടി
50. ചവളർ സമുദായം
51. കൈക്കോളൻ സമുദായം
52. കുമാരക്ഷത്രിയ സംഘം
53. നാടാർ മഹാജന സംഘം
54. സുകുമാര വിജയം നായർ സമാജം
55. നാടാർ സമുദായം
56. പുള്ളുവൻ
57. വീരശൈവ
58. എം.ബി.സി.എഫി-ന്റെ നിവേദനം
59. തമിഴ് ന്യൂനപക്ഷക്രിസ്തീയ വന്നിയ സമുദായം
60. പെരുംകൊല്ലൻ
61. ചെട്ടി
62. യാദവ

63. രാമക്ഷത്രിയ വിഭാഗത്തെ കോട്ടയാർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്
64. ജോഗി സമുദായം
65. ദാസ സമുദായം
66. മഹേന്ദ്ര മേതര
67. കന്നടിയൻ സമുദായം
68. തൊട്ടിയനായ്ക്കർ സമുദായം
69. യോഗി, യോഗീശ്വര
70. വെള്ളാള വിഭാഗം
71. പാർക്കവകുലം